**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 54** **07-06-2021 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണ കടത്തു കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സ്വർണ്ണ കടത്ത് കേസ്സുമായി ബന്ധപ്പെട്ട് കേന്ദ്ര ഏജൻസിയായ ഇ. ഡി. ഇതിലെ പ്രതികളെ ഭീഷണിപ്പെടുത്തി കേരളത്തിലെ പൊതു പ്രവർത്തകർക്കെതിരെ മൊഴി നൽകാൻ പ്രേരിപ്പിക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിചാരണ തടവുകാരിയായ ശ്രീമതി സ്വപ്ന പ്രഭ സുരേഷിന്റേതായി പുറത്തുവന്നതും ദൃശ്യ അച്ചടി സോഷ്യൽ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ടതുമായ ശബ്ദശകലം, വിചാരണ തടവുകാരനായ ശ്രീ സന്ദീപ് നായർ എറണാകുളം സെഷൻസ് ജഡ്ജിനെ അഭിസംബോധന ചെയ്തതും മാധ്യമങ്ങളിൽ പ്രചരിച്ചതുമായ 05.03.2021 ലെ കത്ത് എന്നിവയിൽ നിന്നും കഴിഞ്ഞ സർക്കാർ കാലയളവിൽ മുഖ്യമന്ത്രി, മന്ത്രിസഭാംഗങ്ങൾ, നിയമസഭാധ്യക്ഷൻ എന്നിവരെ ഗുരുതരമായ ക്രിമിനൽ കേസുകളിൽ മന:പൂർവ്വം പ്രതിചേർക്കുന്നതിനുള്ള ശ്രമമാണെന്ന് കണ്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേസ് സംബന്ധിച്ച് ഇ. ഡി ക്കെതിരെ എന്തെങ്കിലും നിയമ നടപടിയുമായി മുന്നോട്ട് പോകാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കേരളത്തിൽ 2020 ജൂലൈ മുതൽ വിവിധ കേന്ദ്ര ഏജൻസികൾ നടത്തിവരുന്ന അന്വേഷണങ്ങൾ വഴിമാറുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ ഒരു അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ